"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. സുബൈദയ്ക്ക് പകരം, ടിയാളുടെ മകൻ തയ്യിൽ വളപ്പിൽ ശ്രീ.ഫൈസൽ- നെ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.88/2025/LSGD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24/06/2024 ലെ 4456/സി.സി/2019/ലൈഫ് നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ൽ നടന്ന യോഗത്തിന്റെ ഖണ്ഡിക (4.41) നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട തയ്യിൽ വളപ്പിൽ ശ്രീ.ഫൈസൽ ലൈഫ് 2020 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, ടിയാൻ ഉൾപ്പെട്ട റേഷൻകാർഡിലെ ഗൃഹനാഥയായ ടിയാന്റെ മാതാവ് ശ്രീമതി.സുബൈദയുടെ പേര് ചേർത്താണ് ലൈഫ് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ശ്രീമതി.സുബൈദയ്ക്ക് വാസയോഗ്യമായ വീടുള്ളതിനാൽ പരിശോധന വേളയിൽ സംഭവിച്ച പിശക് തിരുത്തി, ശ്രീമതി. സുബൈദയ്ക്ക് പകരം മത്സ്യതൊഴിലാളി വിഭാഗത്തിൽപ്പെട്ട അപേക്ഷകൻ ശ്രീ.ഫൈസലിനെ ഉൾപ്പെടുത്താവുന്നതാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 1 പ്രകാരം ശിപാർശ ചെയ്തു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്ത പ്രകാരം, കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. സുബൈദയ്ക്ക് പകരം, ടിയാളുടെ മകനായ തയ്യിൽ വളപ്പിൽ ശ്രീ.ഫൈസൽ-നെ ഉൾപ്പെടുത്തി, അപേക്ഷകന് പ്രത്യേക പരിഗണന

നൽകാനുള്ള ഘടകങ്ങൾ ഇല്ലായെങ്കിൽ മുൻഗണനാ ലിസ്റ്റിൽ പ്രത്യേക പരിഗണന നൽകേണ്ടതില്ല എന്ന വ്യവസ്ഥയിൽ വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, മുടാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

ശ്രീ.ഫൈസൽ, തയ്യിൽ പറമ്പിൽ(സെക്രട്ടറി, മുടാടി ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 10-01-2025 10:05:24
സെക്ഷൻ ഓഫീസർ